AbLearns your learning partner

## 1857 - ലെ വിപ്ലവം (ഒന്നാം സ്വാതന്ത്ര സമരം)

- ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരം എന്നറിയപ്പെടുന്നത് – 1857 ലെ വിപ്ലവം

- 1856 മുതൽ സൈനികർക്ക് ഉപയോഗിക്കാനായി എൻഫീൽഡ് P-53 എന്ന പുതിയ തരം തോക്കും തിരകളും നൽകിയത് ആണ് ഒന്നാം സ്വാതന്ത്ര്യസമരം പൊട്ടിപ്പുറപ്പെടാനുണ്ടായ അടിയന്തര കാരണം
- പുതിയ തരം തോക്കിൽ ഉപയോഗിക്കേണ്ടിയിരുന്ന തിരകളുടെ ആവരണത്തിൽ പശുവിന്റെയും പന്നിയുടെയും കൊഴുപ്പ് പുരട്ടിയിട്ടുണ്ടെന്ന വാർത്ത സൈനികരെ പ്രകോപിപ്പിച്ചു.
- 1857 ജനുവരി മുതൽ പുതിയ തോക്കും തിരകളും നിർബന്ധപൂർവ്വം സൈന്യത്തിൽ ഉപയോഗിച്ചു തുടങ്ങി.
- 1857 മെയ് 10 ന് ഉത്തർപ്രദേശിലെ മീററ്റിലാണ് വിപ്ലവം ആരംഭിച്ചത്.
- വിപ്ലവത്തിൽ ഏറ്റവും കൂടുതൽ കലാപകേന്ദ്രങ്ങൾ സ്ഥിതി ചെയ്തിരുന്ന സംസ്ഥാനം ഉത്തർപ്രദേശ് ആണ്.
- വിപ്ലവത്തിന് ബ്രിട്ടീഷുകാർ നൽകിയ പേര് 'ശിപായി ലഹള' എന്നാണ്.
- 1857-ലെ വിപ്ലവത്തെ 'ശിപായി ലഹള' എന്ന് വിശേഷിപ്പിച്ചത് - ജോൺ ലോറൻസ്, ജോൺ സീലി, ജി.ബി. മല്ലീസൺ
- ലഹളക്കാർ വിപ്ലവത്തിന്റെ ചിഹ്നമായി തിരഞ്ഞെടുത്തത് - താമരയും ചപ്പാത്തിയും ആണ് .

- ഒന്നാം സ്വാതന്ത്ര സമരത്തിന്റെ ആദ്യ രക്തസാക്ഷി മംഗൾ പാണ്ഡെ ആണ്.
- ബ്രിട്ടീഷ് സൈനികോദ്യോഗസ്ഥർ ആയിരുന്ന ലെഫ്റ്റനന്റ് ബെംപ്ഡേ ഹെൻറി ബോഗ്, മേജർ ജെയിംസ് ഹ്യൂസൺ എന്നിവരെ അക്രമിച്ച് പരിക്കേൽപ്പിച്ചതിനെ തുടർന്ന് 1857 ഏപ്രിൽ 8 ന് തൂക്കിലേറ്റപ്പെട്ടു.
- മംഗൽപാണ്ഡെ 34 ആം ബംഗാൾ നേറ്റീവ് ഇൻഫൻട്രിയിൽ അംഗമായിരുന്നു.
- ലഫ്റ്റനന്റ് ഹെൻറി ബോഗ് ആണ് മംഗൽ പാണ്ഡയെ വധിച്ച അഡ്ജൂട്ടന്റ് പദവി വഹിച്ചിരുന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ.
- മംഗൽ പാണ്ഡെയെ കീഴടക്കാൻ സഹായിച്ച ഇന്ത്യൻ സൈനികൻ - ഷേയ്ക്ക് പൽത്തു.
- മംഗൽ പാണ്ഡെയെ പിടികൂടാൻ സഹായിച്ചില്ല എന്ന കുറ്റത്തിന് തൂക്കിലേറ്റപ്പെട്ട സൈനികൻ - ജമേദാർ ഈശ്വരി പ്രസാദ്.
- 1857 ഏപ്രിൽ 21 ന് ആണ് ജമേദാർ ഈശ്വരി പ്രസാദിനെ തൂക്കിലേറ്റിയത്.
- മംഗൽ പാണ്ഡെയുടെ ജീവിതം പ്രമേയമാക്കി കേതൻ മേത്ത സംവിധാനം ചെയ്ത സിനിമ - മംഗൽ പാണ്ഡെ : ദി റൈസിങ്
- മംഗൽ പാണ്ഡെയായി വേഷമിട്ടത് : അമീർഖാൻ
- മംഗൾ പാണ്ഡയെ ആദരിച്ചുകൊണ്ട് ഇന്ത്യാ ഗവൺമെൻ്റ് തപാൽ സ്റ്റാമ്പ് പുറത്തിറക്കിയ വർഷം – 1984 (50 പൈസ സ്റ്റാമ്പ്)
- മീററ്റിൽ നിന്നും പുറപ്പെട്ട വിപ്ലവകാരികൾ ആദ്യം കീഴടക്കിയ പ്രദേശം - ഡൽഹി
- ഒന്നാം സ്വാതന്ത്ര്യസമരം നടക്കുമ്പോൾ മുഗൾ ഭരണാധികാരി - ബഹദൂർഷാ രണ്ടാമൻ

ablearns
your learning partner

- ഡൽഹി കീഴടക്കിയ വിപ്ലവകാരികൾ ഇന്ത്യയുടെ ചക്രവർത്തിയായി പ്രഖ്യാപിച്ചത് - ബഹദൂർഷാ രണ്ടാമൻ
- ബ്രിട്ടീഷുകാർക്കെതിരായി പോരാടാൻ ജനങ്ങളോട് ആഹ്വാനം ചെയ്തുകൊണ്ട് ബഹ ദൂർഷാ രണ്ടാമന്റെ പേരിൽ പുറപ്പെടുവിക്കപ്പെട്ട വിളംബരം – അസംഗഡ് വിളംബരം
- ഡൽഹിയിൽ കലാപത്തിന് നേതൃത്വം കൊടുത്ത മുഗൾ ഭരണാധികാരിയുടെ സൈനിക ജനറൽ – ബക്ത് ഖാൻ
- ഡൽഹിയിൽ വിപ്ലവത്തെ അടിച്ചമർത്തിയത് – ജോൺ നിക്കോൾസൺ
- "ഡൽഹിയിലെ കശാപ്പുകാരൻ' എന്നറിയപ്പെടുന്നത് – ജോൺ നിക്കോൾസൺ
- ബഹദൂർഷാ രണ്ടാമൻ്റെ പുത്രന്മാരെയും പൗത്രനെയും വിചാരണ കൂടാതെ വെടിവച്ചു കൊന്നത് – വില്യം ഹോഡ്സൺ
- ബ്രിട്ടീഷുകാർ വിപ്ലവകാരികളിൽ നിന്നും തിരിച്ചു പിടിച്ച ആദ്യ പ്രദേശം – ഡൽഹി
- ബഹദൂർഷാ രണ്ടാമനെ പിടികൂടി നാടുകടത്തിയ സ്ഥലം – റംഗൂൺ (മ്യാൻമാർ)
- ബഹദൂർഷാ രണ്ടാമൻ റംഗൂണിൽ വച്ച് മരണ മടഞ്ഞ വർഷം – 1862
- അനന്തരാവകാശികളില്ലാത്ത ഭരണാധികാരികൾ ആൺകുട്ടികളെ ദത്തെടുത്ത് രാജ്യം കൈമാറുന്ന രീതി അവസാനിപ്പിക്കുകയും പകരം രാജ്യം ബ്രിട്ടീഷ് സാമ്രാജ്യത്തോട് കൂട്ടിച്ചേർക്കുകയും ചെയ്യുന്ന നിയമം - ദത്തവകാശ നിരോധന നിയമം
- ദത്തവകാശ നിരോധന നിയമം നടപ്പിലാക്കിയ ഗവർണർ ജനറൽ – ഡൽഹൗസി (1848)

abLearns your learning partner

- ദത്തവകാശ നിരോധന നിയമപ്രകാരം ബ്രിട്ടീഷ് സാമ്രാജ്യത്തോട് കൂട്ടിച്ചേർത്ത ആദ്യ നാട്ടുരാജ്യം - സത്താറ (1848)
- ദത്തവകാശ നിരോധന നിയമം അനൗദ്യോഗികമായി ഉപയോഗിച്ച് 1824 ൽ ബ്രിട്ടീഷുകാർ പിടിച്ചെടുത്ത ദക്ഷിണേന്ത്യൻ നാട്ടുരാജ്യം – കിട്ടൂർ
- ഭർത്താവിന്റെയും മകൻ്റെയും മരണത്തെ തുടർന്ന് രാജ്യം പിടിച്ചെടുത്ത ബ്രിട്ടീഷുകാർക്കെതിരെ പോരാടിയ വനിത – കിട്ടൂർ ചെന്നമ്മ
- ബ്രിട്ടീഷുകാർ ഔധ് പിടിച്ചെടുത്തശേഷം നാടുകടത്തിയ നവാബ് – വാജിദ് അലി ഷാ
- കലാപത്തിൽ ഏറ്റവും കൂടുതൽ ആളുകൾ കൊല്ലപ്പെട്ട നാട്ടുരാജ്യം - ഔധ് (Bombay Presidency, Now in Maharashtra)
- ബ്രിട്ടീഷു കാർ ഝാൻസി പിടിച്ചെടുത്ത വർഷം – 1853
- ഝാൻസിയുടെ രാജാവായിരുന്ന ഗംഗാധർ റാവുവിൻ്റെ ഭാര്യ - റാണി ലക്ഷ്മിഭായ് (ഝാൻസി റാണി)
- മനുഭായ്, മണികർണിക എന്ന പേരുകളിലും ഝാൻസി റാണി അറിയപ്പെടുന്നു.
- ഗംഗാധർ റാവുവിൻ്റെ മരണശേഷം അധികാര ഭ്രഷ്ടനാക്കപ്പെട്ട അദ്ദേഹത്തിൻ്റെ ദത്തുപുത്രൻ – ദാമോദർ റാവു
- ദത്തവകാശ നിരോധന നിയമം വഴി ഝാൻസി കയ്യടക്കാൻ ബ്രിട്ടീഷുകാർ ശ്രമിച്ചതാണ് ഝാൻസി റാണി ബ്രിട്ടീഷുകാർക്ക് എതിരെ യുദ്ധം ചെയ്യാൻ കാരണം.
- ഞങ്ങളുടെ കൈകളാൽ ഞങ്ങളുടെ സ്വതന്ത്രഭരണം നശിപ്പിക്കുകയില്ല എന്ന് അനുയായികളെ കൊണ്ട് പ്രതിജ്ഞ എടുപ്പിച്ച ഒന്നാം സ്വാതന്ത്ര്യ സമരത്തിലെ വിപ്ലവകാരി - ഝാൻസി റാണി

ablearns your learning partner

- ഝാൻസി റാണിയോട് ഏറ്റുമുട്ടിയ ബ്രിട്ടീഷ് സൈനിക ഉദ്യോഗസ്ഥൻ - ഹ്യൂഗ്റോസ്
- 'വിപ്ലവകാരികളുടെ സമുന്നത ധീരനേതാവ്' എന്നും "കലാപകാരികൾക്കിടയിലെ ഒരേയൊരു പുരുഷൻ" എന്നും ഹ്യൂഗ്റോസ് വിശേഷിപ്പിച്ചത് – ഝാൻസി റാണിയെ
- ഝാൻസി റാണി വീരമൃത്യു വരിച്ചത് - 1858 ജൂൺ 18 (ഗ്വാളിയോർ)
- ഇരുണ്ട പശ്ചാത്തലത്തിലെ പ്രകാശമാനമായ ബിന്ദു എന്ന് നെഹ്റു വിശേഷിപ്പിച്ചത് ആരെയാണ് - ഝാൻസി റാണിയെ
- ഝാൻസി റാണിയുടെ ജീവിതകഥ ആസ്പദമാക്കി ക്രിഷ് സംവിധാനം ചെയ്ത സിനിമ - മണികർണ്ണിക: ക്വീൻ ഓഫ് ഝാൻസി
- ചിത്രത്തിൽ ഝാൻസി റാണിയായി വേഷമിട്ടത് – കങ്കണ റണാവത്ത്
- മറാത്ത കോൺഫെഡറസിയിലെ പതിമൂന്നാമത്തേതും അവസാനത്തേതുമായ ഭരണാധികാരി - പേഷ്വ ബാജിറാവു II
- പേഷ്വ ബാജിറാവു II ന്റെ ദത്തുപുത്രൻ – നാനാസാഹിബ്
- നാനാസാഹിബിന്റെ യഥാർത്ഥ പേര് – ധോണ്ഡു പന്ത്
- 'മൂന്നാം നെപ്പോളിയൻ' എന്നറിയപ്പെടുന്നത് – നാനാസാഹിബ്
- നാനാസാഹിബ് ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ കാരണം – ദത്തുപുത്രനാണെന്ന കാരണത്താൽ അവകാശപ്പെട്ട പെൻഷൻ നിഷേധിച്ചതിനാൽ
- കാൺപൂരിൽ നടന്ന ഉപരോധത്തിനും കൂട്ടക്കൊലയ്ക്കും (ബിബിഘർ കൂട്ടക്കൊല) നേതൃത്വം കൊടുത്തത് – നാനാസാഹിബ്
- നാനാസാഹിബിന്റെ സൈനിക മേധാവി – താന്തിയാതോപ്പി

ableLearns your learning partner

- താന്തിയാതോപ്പിയുടെ യഥാർത്ഥ – രാമചന്ദ്ര പാണ്ഡുരംഗ്
- ഈസ്റ്റ് ഇന്ത്യാ കമ്പനിക്കെതിരെ ഗറില്ലായുദ്ധ രീതി ആവിഷ്കരിച്ച സമരനേതാവ് – താന്തിയാതോപ്പി
- താന്തിയാതോപ്പിയെ പരാജയപ്പെടുത്തിയ ബ്രിട്ടീഷ് സൈന്യാധിപൻ – സർ. കോളിൻ കാംപ്ബെൽ
- താന്തിയാതോപ്പിയെ ബ്രിട്ടീഷുകാർ തൂക്കിലേറ്റിയത് –1859 ഏപ്രിൽ 18 (ശിവപുരി,മധ്യപ്രദേശ്)
- വിപ്ലവം പരാജയപ്പെട്ടതോടെ നേപ്പാളിലേയ്ക്ക് പലായനം ചെയ്ത വിപ്ലവകാരി – നാനാസാഹിബ്
- 1857 ലെ വിപ്ലവത്തിൻറെ സമയത്ത് ബ്രിട്ടീഷ് രാജ്ഞി – വിക്ടോറിയ രാജ്ഞി
- 1857ലെ വിപ്ലവത്തിൻറെ സമയത്ത് ബ്രിട്ടീഷ് പ്രധാനമന്ത്രി – പാൽമേഴ്സ്റ്റൺ പ്രഭു
- 1857 ലെ വിപ്ലവ സമയത്തെ ബ്രിട്ടീഷ് ഗവർണർ ജനറൽ – കാനിംഗ് പ്രഭു
- ബീഹാറിലെ ആര, ജഗദീഷ്പൂർ എന്നിവിടങ്ങളിൽ വിപ്ലവത്തിന് നേതൃത്വം നൽകിയത് – കൺവർ സിംഗ്
- 'ബീഹാർ സിംഹം', 1857-ലെ കലാപത്തിൻറെ 'വന്ദ്യവയോധികൻ' എന്നിങ്ങനെ അറിയപ്പെടുന്നത് – കൺവർ സിംഗ്
- കാൺപൂരിൽ (ഉത്തർ പ്രദേശ്) വിപ്ലവത്തിന് നേതൃത്വം നൽകിയത് - നാനാസാഹിബ്, താന്തിയാതോപ്പി
- 1857-ലെ കലാപത്തിൻറെ ബുദ്ധികേന്ദ്രം – നാനാസാഹിബ്

ABLearns your learning partner

- ഝാൻസിയിൽ (ഉത്തർ പ്രദേശ്) വിപ്ലവത്തിന് നേതൃത്വം നൽകിയത് – റാണി ലക്ഷ്മീഭായ്
- 1857-ലെ കലാപത്തിൻറെ 'ജൊവാൻ ഓഫ് ആർക്ക്' എന്ന് അറിയപ്പെടുന്നത് – ഝാൻസി റാണി
- 1857-ലെ കലാപത്തിൻറെ അംബാസഡർ – അസിമുള്ള ഖാൻ
- ഗ്വാളിയോർ (മധ്യ പ്രദേശ്) വിപ്ലവത്തിന് നേതൃത്വം നൽകിയത് – റാണി ലക്ഷ്മീഭായ്, താന്തിയാതോപ്പി
- മാൻഡസോറിൽ (മധ്യ പ്രദേശ്) വിപ്ലവത്തിന് നേതൃത്വം നൽകിയത് – ഫിറോസ് ഷാ
- ഡൽഹിയിൽ വിപ്ലവത്തിന് നേതൃത്വം നൽകിയത് - ജനറൽ ബക്ത്ഖാൻ, ബഹദൂർഷാ II
- മീററ്റിൽ (ഉത്തർ പ്രദേശ്) വിപ്ലവത്തിന് നേതൃത്വം നൽകിയത് – കദം സിംഗ്
- അസം വിപ്ലവത്തിന് നേതൃത്വം നൽകിയത് – ദിവാൻ മണിറാം
- ആഗ്ര, ഔധ് (ഉത്തർ പ്രദേശ്) എന്നിവിടങ്ങളിൽ വിപ്ലവത്തിന് നേതൃത്വം നൽകിയത് – ബീഗം ഹസ്രത് മഹൽ
- ലഖ്നൗവിൽ (ഉത്തർ പ്രദേശ്) വിപ്ലവത്തിന് നേതൃത്വം നൽകിയത് – ബീഗം ഹസ്രത് മഹൽ, ബിർജിസ് ഖാദർ
- ഫൈസാബാദിൽ (ഉത്തർ പ്രദേശ്) വിപ്ലവത്തിന് നേതൃത്വം നൽകിയത് – മൗലവി അഹമ്മദുള്ള
- ബറേലി, റോഹിൽഖണ്ഡ് (ഉത്തർ പ്രദേശ്) വിപ്ലവത്തിന് നേതൃത്വം നൽകിയത് – ഖാൻ ബഹാദൂർ ഖാൻ

ABLearns
your learning partner

- ബറൗത് പർഗാനയിൽ (ഉത്തർ പ്രദേശ്) വിപ്ലവത്തിന് നേതൃത്വം നൽകിയത് - ഷാ മാൽ
- ഹരിയാനയിൽ വിപ്ലവത്തിന് നേതൃത്വം നൽകിയത് - റാവു തുലറാം
- മഥുരയിൽ (ഉത്തർ പ്രദേശ്) വിപ്ലവത്തിന് നേതൃത്വം നൽകിയത് - ദേവിസിംഗ്
- അലഹബാദിൽ (ഉത്തർ പ്രദേശ്) വിപ്ലവത്തിന് നേതൃത്വം നൽകിയത് - ലിയാഖത്ത് അലി
- മൊറാദാബാദിൽ (ഉത്തർ പ്രദേശ്) വിപ്ലവത്തിന് നേതൃത്വം നൽകിയത് – അബ്ദുൾ അലിഖാൻ
- കോട്ടയിൽ (രാജസ്ഥാൻ) വിപ്ലവത്തിന് നേതൃത്വം നൽകിയത് – ജയ്ദയാൽ
- 1857-ലെ വിപ്ലവത്തിലെ ആദ്യ രക്തസാക്ഷി – മംഗൽ പാണ്ഡെ
- ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ രക്തസാക്ഷി – ഖുദിറാം ബോസ്
- ഇന്ത്യയിലെ ആദ്യത്തെ വനിതാ രക്തസാക്ഷി – പ്രീതിലതാ വഡേദാർ
- 1857 ലെ വിപ്ലവം പൂർണ്ണമായും അടിച്ചമർത്തപ്പെട്ട വർഷം – 1858
- (1858 ൽ ഇന്ത്യയുടെ ഭരണം ബ്രിട്ടൺ നേരിട്ട് ഏറ്റെടുക്കുകയും ഗവൺമെൻറ് ഓഫ് ഇന്ത്യാ ആക്ട് പാസാക്കുകയും ചെയ്തു)

## 1857 ലെ വിപ്ലവവുമായി ബന്ധപ്പെട്ട കൃതികളും എഴുത്തുകാരും

- 'Queen of Jhansi' എന്ന പുസ്തകം രചിച്ചത് – മഹാശ്വേതാദേവി
- ഒന്നാം സ്വാതന്ത്ര സമരത്തെക്കുറിച്ചുള്ള ദൃക്സാക്ഷി വിവരണമായ 'മാത്സാ പ്രവാസ്' എന്ന മറാത്ത ഗ്രന്ഥം രചിച്ചത് – വിഷ്ണുഭട്ട് ഗോഡ്സെ

AbLearns your learning partner

- 1857-ലെ വിപ്ലവത്തെ ആസ്പദമാക്കി മലയാറ്റൂർ രാമകൃഷ്ണൻ രചിച്ച മലയാള നോവൽ – അമൃതം തേടി
- The Indian War of Independence, 1857 – വി.ഡി സവർക്കർ
- The Sepoy Mutiny and the Revolt of 1857 – ആർ.സി മജുംദാർ
- Eighteen Fifty Seven – എസ്.എൻ സെൻ
- A Flight of Pigeons – റസ്കിൻ ബോണ്ട്
- 1857, The Great Rebellion – അശോക് മേത്ത
- A History of the Indian Mutiny – ടി.ആർ ഹോംസ്
- The Last Mughal: The Fall of a Dynasty. Delhi 1857 – വില്യം ടാറിംമ്പിൾ
- The Indian Mutiny of 1857 – ജി.ബി മല്ലീസൺ

AbLearns
your learning partner